DESPATCHED
On..18/5/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 158(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 2630/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 11

ശ്രീ. ജി. സുരേന്ദ്രൻ,
പുത്തൻവിള വീട്,
ടി.സി.1/1325, കുമാരപുരം,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സുപ്രണ്ട്,
ഹെൽത്ത് വിഭാഗം,
തിരുവനന്തപുരം നഗരസഭ, പാളയം,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
ഹെൽത്ത് ഓഫീസർ,
തിരുവനന്തപുരം നഗരസഭ, പാളയം,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 23/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/03/2022 |

## ഉത്തരവ്

ശ്രീ. ജി.സുരേന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ തിരുവനന്തപുരം നഗരസഭയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് നാളിതുവരെ

യാതൊരു വിവരവും നൽകിയിട്ടില്ല എന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകാത്തതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 5.11.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത്, കുമാരപുരം - പൂന്തി റോഡിൽ സൂര്യാ ടു വീലർ വർക്ക്ഷോപ്പ് നടത്തുന്നയാൾ ഇവിടെ റോഡു കയ്യേറി വർക്ക്ഷോപ്പ് നടത്തുന്നതിനാൽ ജനങ്ങൾക്ക് വളരെയെറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ടി ടു വീലർ വർക്ക്ഷോപ്പ് പ്രവർത്തനം അവസാനിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 24.11.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി മെഡിക്കൽ കോളേജ് സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ 19.11.2021 തീയതിയിലെ റിപ്പോർട്ടിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ വ്യക്തമല്ലായെന്നും ടി അപേക്ഷ പരാതിയുടെ സ്വഭാവത്തിലുള്ളതുമാകയാൽ ആയത് വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം വ്യക്തമായി സമർപ്പിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 23.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ 28.1.2022 തീയതി തീർപ്പാക്കി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 07.03.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജി.സുരേന്ദ്രൻ 5.11.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ മെഡിക്കൽ കോളേജ് ഹെൽത്ത് ഇൻസ്പെക്ടർ 19.11.2021 തീയതി റിപ്പോർട്ട് നൽകിയിരുന്നു എന്നും ടി റിപ്പോർട്ടിൽ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരാതിയുടെ സ്വഭാവമുള്ളതാകയാൽ വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം വ്യക്തമായി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്ന് 24.11.2021 തീയതി മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ല എന്നാരോപിച്ചാണ് ടിയാൻ 24.12.2021 തീയതി അപ്പീൽ സമർപ്പിച്ചിരുന്നതെന്നും ഹെൽത്ത് ഇൻസ്പെക്ടറുടെ 28.01.2022 തീയതിയിലെ റിപ്പോർട്ട് പ്രകാരം ആയതിനും 28.01.2022 തീയതി കക്ഷിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പരാതിക്കാരൻ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള അനധികൃതമായി പ്രവർത്തിക്കുന്ന വർക്ക്ഷോപ്പിനെതിരെ നോട്ടീസുകൾ നൽകി നടപടി സ്വീകരിച്ചു വരുന്നതായും ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കുമാരപുരം-പൂന്തി റോഡിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന സൂര്യ ടു

വീലർ വർക്ക്ഷോപ്പിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്നതാണ് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ആവശ്യം എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഉന്നയിച്ച പ്രകാരം ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടികൾ, അപ്പീൽ അധികാരി കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ അംഗീകരിച്ച്, ഇക്കാര്യത്തിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തി, രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയ 7.3.2022-ലെ എച്ച്11/15129/22 നമ്പർ റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടി വർക്ക്ഷോപ്പിനെതിരെയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് രണ്ടാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM